**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 197 — 07.08.2017 ൽ മറുപടിക്ക്

# മങ്കട നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതി മങ്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മങ്കട നിയോജക മണ്ഡലത്തിലെ പി.എച്ച്.സി.കളെയും സി.എച്ച്.സി. കളെയും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ആർദ്രം പദ്ധതിയിലൂടെ മങ്കട നിയോജക മണ്ഡലത്തിലെ പാങ്ങ് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ, മണ്ഡലത്തിലെ പി.എച്ച്.സി.കളെയും സി.എച്ച്.സി. കളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഇപ്പോൾ ആർദ്രം മിഷൻ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 14 ജില്ലകളിൽ നിന്നുമായി തിരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ നിലവിലുൾപ്പെടുത്തിയിരിക്കുന്ന പി.എച്ച്.സി.കൾ, സി.എച്ച്.സി.കൾ, താലൂക്കാശുപത്രികൾ എന്നിവയെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ? | (ഡി) | പി.എച്ച്.സി-കളെ ആർദ്രം പദ്ധതിയിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ആദ്യഘട്ടത്തിൽ 14 ജില്ലകളിൽ നിന്നുമായി 152 വികസന ബ്ലോക്കുകളിൽ നിന്നും 140 അസംബ്ലി മണ്ഡലങ്ങളിൽ നിന്നുമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കരട് ലിസ്റ്റ് തയ്യാറാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ സ.ഉ.(ആർ.ടി) 845/17/ആകുവ തീയതി 28/03/2017 |

| | | | |
|---|---|---|---|
| | | | പ്രകാരം തിരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയത്. ഒരു താലൂക്കിൽ നിന്ന് ഒരു താലൂക്ക് തല ആശുപത്രിയും ഒരു ജില്ലയിൽ നിന്ന് ഒരു ജില്ലാ തല ആശുപത്രിയും നിശ്ചിത മാനദണ്ഡങ്ങളോടെ ഉയർത്തണമെന്ന ലക്ഷ്യത്തോടെ വിവിധ ജില്ലകളിൽ നിന്നും താലൂക്കുകളിൽ നിന്നും ആശുപത്രികളുടെ കരട് ലിസ്റ്റ് തയ്യാറാക്കുകയും വിവധ തലത്തിലുള്ള ചർച്ചകൾക്കുശേഷം അവയിൽ നിന്നും തിരഞ്ഞെടുത്ത 17 ജില്ലാ ആശുപത്രിയേയും 75 താലൂക്ക് ആശുപത്രിയെയും സ.ഉ.(എം.എസ്) 58/17/ആകുവ തീയതി 22/04/2017 പ്രകാരം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ